POLICE DEPARTMENT
KERALA

**No. B1-35335/2023/W**
District Police Office,
Wayanad
spwynd.pol@kerala.gov.in
04936202525
Dated. 12-09-2023

**ലേല പരസ്യം.**

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷൻ വകയായുള്ള സ്ഥലത്തെ " 365 " ഓളം കവുങ്ങുകളിൽ നിന്നും (2023 മാർച്ച് മുതൽ 2024 ഫെബ്രുവരി വരെ യുള്ള) കായ്ഫലം എടുക്കുന്നതിനുള്ള അവകാശം " 19/09/2023 " തീയതി ഉച്ചയ്ക്ക് 12.00 മണിക്ക് പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷനിൽ വച്ച് ലേലം ചെയ്തു നൽകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്തു നിശ്ചിത സമയത്ത് (19.09.2023 നു ഉച്ചയ്ക്ക് 12.00 മണിക്ക് ) നേരിട്ടു ഹാജരാകേണ്ടതും, നിരത ദ്രവ്യമായി 150/- രൂപ ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുൻപായി സായുധസേനാ അസ്സിസ്റ്റൻറ് കമാണ്ടൻറ് (I/C) മുൻപാകെ കെട്ടി വയ്‌ക്കേണ്ടതുമാണ്.

ലേലം കഴിഞ്ഞ ഉടൻ തന്നെ ലേലത്തിൽ പരാജയപ്പെടുന്നവർക്ക് അവർ അടച്ച നിരത ദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി ലേല തുകയുടെ പകുതി (നിരത ദ്രവ്യം ഉൾപ്പെടെ) ലേല സ്ഥലത്തുവച്ചുതന്നെ അടയ്‌ക്കേണ്ടതാണ്. പിന്നീട് അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ലേലം ഉറപ്പിച്ച് ഉത്തരവ് കിട്ടിയ ശേഷം ബാക്കി തുകയും, (GST) യും അടച്ച രസീത് വാങ്ങേണ്ടതാണ്. ലേലം കൊണ്ടയാൾ പ്രസ്തുത സ്ഥലത്തു നിന്നും സ്വന്തം നിലയിൽ കായ്ഫലങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ലേലം കൊണ്ടയാൾ അടവാക്കിയ നിരത ദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മൊത്തം തുക സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും, ടി കവുങ്ങുകൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരം നടത്തുന്ന പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും, മറിച്ചു കൂടുതലായി ലേല തുക ലഭിക്കുകയാണെങ്കിൽ ടി അധിക ലേല തുകയിൽ മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ, അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 'രാവിലെ 11 മണി മുതൽ 4 മണി വരെ' യുള്ള സമയങ്ങളിൽ മേൽ പറഞ്ഞിട്ടുള്ള കവുങ്ങുകൾ പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം 'ജില്ലാ സായുധ സേനാ മേധാവിയിൽ' നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

PADAM SINGH IPS
District Police Chief

| | | |
|---|---|---|
| To | : | 1. ബോർഡ് ചെയർമാന്റെയും, എല്ലാ അംഗങ്ങളുടെയും അറിവിലേക്കും , അനന്തര നടപടികൾക്കുമായി . 2. കാഷ്യർ DPO വയനാട് , അറിവിലേക്കായി. |
| Copy To | : | 1. എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, ബറ്റാലിയൻ കമാണ്ടൻറ്മാർക്കും, അറിവിലേയ്ക്കും വേണ്ടത്ര പ്രചാരണം നൽകുന്നതിനുമായി അയക്കുന്നു. 2. ഡയറക്ടർ ഓഫ് പബ്ലിക്ക് റിലേഷൻസ് തിരുവനന്തപുരം. 3.ഇൻഫർമേഷൻ ഓഫീസർ, വയനാട്, കൽപ്പറ്റ.( മുഖപത്രത്തോടെ). 4. കമാണ്ടൻറ്, DHQ വയനാട്. 5. എല്ലാ SHO മാർക്കും. 6. SHO പടിഞ്ഞാറത്തറ. അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി. |